For materials visit www.educationobserver.com/forum

(Pages : 4)

**101**

# SSLC EXAMINATION, MARCH - 2015.

## MALAYALAM

Paper I

Time : 1½ Hours | Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ചു മിനിറ്റ് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- ചോദ്യനിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിച്ചു മനസ്സിലാക്കിയതിന് ശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

Score

**ഒന്നു മുതൽ നാലുവരെയുള്ള ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം.** 4x1=4

1. 'തീരെ ഗതികെട്ടാൽ കുടിച്ചു ചാകാൻ അവന് വല്ലവരുടെയും കിണറന്വേഷിക്കേണ്ടല്ലോ'.

   — ഉതുപ്പാന്റെ പ്രവൃത്തിയോടുള്ള നാട്ടുകാരുടെ അഭിപ്രായത്തിൽ തെളിയുന്നതെന്ത് ?

   - പ്രോത്സാഹനം
   - അസൂയ
   - നിന്ദ
   - നന്ദി

2. 'സ്ത്രീക്ക് പുരുഷനിരപേക്ഷമായ ഒരു സ്വതന്ത്രനില ഒരിയ്ക്കലും വിധിക്കപ്പെട്ടിട്ടില്ല'

   — 'നിരപേക്ഷം' എന്ന പദത്തിന്റെ അർത്ഥമെന്ത് ?

   - ഒന്നിനെയും വിശ്വസിക്കാതെ
   - ഒന്നിനെയും ആക്ഷേപിക്കാതെ
   - ഒന്നിനെയും നിരീക്ഷിക്കാതെ
   - ഒന്നിനെയും ആശ്രയിക്കാതെ

3. താഴെക്കൊടുത്തവയിൽ 'കടമ്മനിട്ട' എന്ന കവിതയ്ക്ക് യോജിക്കാത്തത് ഏത് ?

   - നാട്ടുമൊഴികളുടെ ചൂര്
   - താളത്തിന്റെ ചടുലത
   - നാഗരിക ബിംബങ്ങളുടെ സമൃദ്ധി
   - ഓർമ്മകളുടെ ആവിഷ്ക്കാരം

For materials visit www.educationobserver.com/forum



101
Score

4. 'ആരാമസഞ്ചരണം' എന്ന പദത്തെ ഘടകപദങ്ങളായി പിരിക്കുന്നതെങ്ങനെ ?
   - ആരാമമാകുന്ന സഞ്ചരണം
   - ആരാമമെന്ന സഞ്ചരണം
   - ആരാമമായ സഞ്ചരണം
   - ആരാമത്തിലെ സഞ്ചരണം

**അഞ്ച് മുതൽ എട്ട് വരെയുള്ള ചോദ്യങ്ങൾക്ക് രണ്ട് സ്കോർ വീതം.** 4x2=8

5. 'പാർക്കിൽ ഇരുട്ടു വ്യാപിച്ചു തുടങ്ങിയിരുന്നു.'
   'ജീവിതമാകെ ഇരുട്ടു വ്യാപിച്ചുവെന്ന് അവൾക്ക് തോന്നി.'
   **അടിവരയിട്ട പദങ്ങൾക്ക് വരുന്ന അർത്ഥവ്യത്യാസം എഴുതുക.**

6. നമ്പൂതിരിയുടെ രേഖാചിത്രങ്ങളിലും എഴുത്തിലും തെളിയുന്ന പൊന്നാനിയുടെ കലാപാരമ്പര്യത്തെ കുറിച്ച് എഴുതുക.

7. "ഇതുവഴി കടന്നിരിക്കാം കിളിപ്പൊൻമകൾ
   ഇതുവഴി പറയനും ശീതങ്കനോട്ടനും
   പലകഥകൾ തുള്ളിപ്പറഞ്ഞു നടക്കെയി-
   പ്പടികളിലിരുന്നു കാൽ നീരിലിട്ടാട്ടിടാം"
   **കേരളത്തിലെ കാവ്യപാരമ്പര്യത്തെക്കുറിച്ച് ഈ വരികളിൽ നിന്ന് ലഭ്യമാവുന്ന സൂചനകൾ എഴുതുക.**

8. സ്ത്രീയെ ഇനിയും പുരുഷന്റെ നിക്ഷിപ്തധനമായി വച്ചുകൊണ്ടിരിക്കണമെന്നുള്ള അഭിപ്രായക്കാർക്ക് ഇഷ്ടപ്പെടാത്ത കുമാരനാശാന്റെ സ്ത്രീകഥാപാത്രങ്ങളെപ്പറ്റി മുണ്ടശ്ശേരി പറയുന്നുണ്ട്. ആ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ 'സാഹിത്യത്തിലെ സ്ത്രീ' എന്ന പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തി എഴുതുക.

**ഒൻപത് മുതൽ പതിമ്മൂന്നു വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.**
**(അരപ്പുറം - നാലു സ്കോർ)** 4x4=16

9. "കണ്ട് കൂടായിനിക്കെന്നു ഗാന്ധാരിയും
   മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ"
   — ഗാന്ധാരീ വിലാപത്തിന്റെ തീവ്രത വെളിപ്പെടുത്താൻ ഈ വരികൾക്ക് എത്രത്തോളം കഴിയുന്നുണ്ട് ?
   **നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.**

For materials visit www.educationobserver.com/forum



10. "ഇടവപ്പാതിക്കാറ്റു കല്പകദ്രുമങ്ങൾ തൻ
മുടിയിൽപ്പിടിച്ചാർത്തു മുഷ്ടിയാലിടിക്കുമ്പോൾ
മുഷ്ക്കനൊാക്കുടിയന്റെയട്ടഹാസത്താൽ കായൽ-
വക്കുകൾ വിറയ്ക്കുമ്പോൾ - വാനിടം മുഴങ്ങുമ്പോൾ"

**ഈ വരികളിലെ പ്രകൃതിചിത്രീകരണത്തിന്റെ സവിശേഷത എഴുതുക.**

11. മടുപ്പ്, ഏകതാനത എന്നിവയാണ് ഗ്രാമജീവിതം നല്കുന്നതെന്ന നാഗരിക കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? 'അടുത്തൂൺ' എന്ന കവിത മുന്നോട്ട് വെയ്ക്കുന്ന ആശയം മുൻനിർത്തി വിശദീകരിക്കുക.

12. 'നാട്ടുമൊഴികളുടെ സവിശേഷസാന്നിദ്ധ്യം കൊണ്ട് സമൃദ്ധമാണ് തട്ടകം'

**— ലഘുകുറിപ്പ് തയ്യാറാക്കുക.**

13. 'ഭാരതകഥയുടെ അവസാനം അഗാധമായ വിഷാദത്തിലാണ്' — കുട്ടികൃഷ്ണമാരാരുടെ ഈ പ്രസ്താവന യുക്തിസഹമാണോ ? വിശദീകരിക്കുക.

**ചോദ്യം 14 A, B എന്നിവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക.** 1x6=6

**(ഒരു പുറം - ആറ് സ്കോർ)**

14. (A) പുതിയ തലമുറയുടെ മാറിയ അഭിരുചികളെക്കുറിച്ചുള്ള സൂചനകൾ എം. മുകുന്ദന്റെ 'ആർട്ട് അറ്റാക്ക്' എന്ന കഥ നല്കുന്നുണ്ടോ ? താഴെക്കൊടുത്ത സംഭാഷണങ്ങൾ മുൻനിർത്തി കഥയ്ക്ക് ലഘുനിരൂപണം തയ്യാറാക്കുക.

"ചിത്രങ്ങൾ കാണേണ്ടവർ ഗ്യാലറിയിൽ പോയി കാണും. നമ്മൾ അതിന് വേണ്ടി വിലപിടിച്ച സ്പെയ്സ് നഷ്ടപ്പെടുത്തേണ്ടതില്ല."

"ഇന്നു വൈകുന്നേരം താങ്കൾ ഒരു പ്രധാന ഇവന്റ് കവർ ചെയ്യണം. നിഫ്റ്റിലെ അവസാന വർഷ വിദ്യാർത്ഥികളുടെ ഫാഷൻ ഷോ."

**അല്ലെങ്കിൽ**

(B) 'നന്മയെ തടയുന്ന നാഗരികതയുടെ കാല'ത്ത് നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന കഥാപാത്രമാണ് 'ഉതുപ്പാന്റെ കിണറി'ലെ ഉതുപ്പാൻ. സംഗീതത്തെക്കുറിച്ച് സംസാരിച്ചതുകൊണ്ട് യുവാവിന് ആകെയുള്ള കമ്പിളിപ്പുതപ്പ് സമ്മാനമായി കൊടുത്ത് സംതൃപ്തിയടയുന്ന കഥാപാത്രമാണ് 'കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥയിലെ അറുമുഖന്റെ ഭാര്യ. ഈ രണ്ട് കഥാപാത്രങ്ങളിലൂടെ എഴുത്തുകാർ മുന്നോട്ട് വെക്കുന്ന ജീവിത ദർശനം താരതമ്യം ചെയ്ത് നിരൂപണം തയ്യാറാക്കുക.

For materials visit www.educationobserver.com/forum



101

Score

15. താഴെ നല്കിയ കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക. (ഒരു പുറം) 1x6=6

ഇനിയെനിക്കാരുമില്ലെന്ന് തോന്നുമ്പോൾ

ഇനിയെനിക്കാരുമില്ലെന്ന് തോന്നുമ്പൊ-
ളരനിമേഷമീ മണ്ണിനെ നോക്കുക
നിറവെളിച്ചമായ് കൈനീട്ടി നില്പുണ്ട്
പ്രണയകോടികൾ, ജീവസഹോദരർ
വഴിയിറമ്പിലെ പുല്ലുകൾ, പൂവുകൾ
പുഴയിലായിരം നക്ഷത്രമീനുകൾ
ഋതുലയം ചേർത്തുപാടുന്ന പക്ഷികൾ
നിബിഡകാനനം നീളെ പൂമ്പാറ്റകൾ
കടലിലുണ്ട് നാം കാണാത്തൊരായിരം
ഹൃദയസോദരർ, മണ്ണിനെക്കാത്തവർ
ഉടയദൈവത്തിനെണ്ണയും കൊണ്ടിതാ
പുഴുവൊരാൾ സ്നേഹയാത്ര തിരിക്കുന്നു
ഇനി നമുക്കാരുവേണ; മീ ഭൂമിയിൽ
നിറയെ ജീവന്റെ ബന്ധുക്കളല്ലയോ !
വെടിയുവാൻ കഴിഞ്ഞീടുമോ പ്രാണനിൽ
നിറയുമാത്മരാഗത്തിന്റെ നോവുകൾ !

(ആലങ്കോട് ലീലാകൃഷ്ണൻ)

(എണ്ണപ്പുഴു - ദൈവത്തിന് എണ്ണ കൊണ്ട് പോകുന്ന പുഴു എന്ന് സങ്കല്പം)

കവിതയിലെ ആശയം, പ്രയോഗഭംഗി, സമകാലികപ്രസക്തി എന്നിവ വിശദീകരിക്കുക.

- o O o -